മിസ്റ്റർ പി. ഗോവിന്ദമേനോൻ: പോലീസ് മുഖാന്തിരം അല്ലാതെ, സെൻട്രൽ ഡിപ്പോവിൽനിന്ന് 20 ചാക്ക് അരി പോയതിനെ സംബന്ധിച്ച് ഫുഡ് ഡിപ്പാർട്ടുമെണ്ടിൽനിന്ന് അന്വേഷണം നടത്തീട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൽ എന്ത് action എടുത്തു എന്ന പറയാമൊ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അന്വേഷണം നടത്തീട്ടുണ്ട്. ഒരാളെ സസ്പെണ്ട് ചെയ്തിട്ടുണ്ട്.

മിസ്റ്റർ പി. ശങ്കരമേനോൻ: ആരെയാണ് suspend ചെയ്തത്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഒരു Watchman നെയാണ്.

Mr. P. Sankara Menon *(Trichur-North)*: Who is this Depot Manager?

Mr. K. Balakrishna Menon *(Minister for Food and Education)*: I want notice.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഈ ഡിപ്പാർട്ടുമെണ്ടിൽ watchman നേക്കാൾ താണ ഉദ്യോഗസ്ഥനുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: Sweeper ഉണ്ട്. (ചിരി)

മിസ്റ്റർ പി. ടി. ജേക്കബ്: ഇരുപത് ചാക്ക് അരി ഡിപ്പോവിൽനിന്നും കാണാതായതുകൊണ്ടല്ലെ Watchman നെ suspend ചെയ്തത്?

Mr. K. Balakrishna Menon *(Minister for Food and Education)*: That is what exactly I submit, Sir. The case is being investigated. We do not know what his share or his complicity is, whether for the whole matter or not. It is not fair also in the interests of investigation to say that now.

Mr. P. T. Jacob *(Latin-Christian-Mattancheri)*: Mine was not a question of share which that man had. It is not that. My question is whether he was suspended because 20 bags were lost.

Mr. K. Balakrishna Menon *(Minister for Food and Education)*: I regret in the interests of justice I cannot answer the question further.

മിസ്റ്റർ പി. ശങ്കരമേനോൻ: ഈ ഡെപ്പോ മാനേജരും പോലീസിലെ ഒരു ഉയന്ന ഉദ്യോഗസ്ഥനുമായി വല്ല ബന്ധവുമുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: I want notice.

RAMAN KAYAL CHIRA—DAMAGE TO SLUICE—LOSS TO AGRICULTURISTS

273. മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീയത്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ട് സദയം മറുപടി പറയുമൊ.—

(ബി) കാരമുക്ക വില്ലേജിൽ "രാമൻ കായൽ ചിറ"യിൽ ഉള്ള സ്ലൂയിസ് കേടുവന്നതുമൂലം മുണ്ടകകൃഷി വിളവിറക്കുന്നതിന വളരെ ബുദ്ധിമുട്ടും നഷ്ടവും കൃഷിക്കാർക്ക വരുന്നുണ്ട് എന്ന ഗവണ്മെണ്ടിനറിയാമൊ;

(ബി) ഈ "സ്ലൂയിസി"ന്റെ പണി ഈ കൊല്ലം തീർക്കുന്നതിന് ഉദ്ദേശമുണ്ടൊ?.

റാവുബഹദൂർ ടി. കെ. നായർ:

(എ) രാമൻ കായൽ ചിറ സ്ലൂയിസ് കേടുവന്നിട്ടുണ്ടെങ്കിലും കൃഷിക്കാർക്ക ബുദ്ധിമുട്ടോ, നഷ്ടമൊ വരാതിരിക്കാൻവേണ്ടി താല്ക്കാലികമായി ഒരു മരപ്പെട്ടിയെച്ചും ചീപ്പുപലകകളും ഇട്ടും മറ്റും കൃഷി സംരക്ഷണം ചെയ്തിട്ടുണ്ട്.

(ബി) ഉവ്വ്. പണി തീർക്കുന്നതിന വേണ്ട എല്ലാ ഏർപ്പാടുകളും ചെയ്തുവരുന്നുണ്ട്.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയത്: ഒരു പുതിയ കോൺട്രാക്ടർ സ്ലൂയിസ് അല്ലെ പണിയാൻ പോകുന്നത്?

റാവുബഹദൂർ ടി. കെ. നായർ: അതെ.

ARTICLE IN THE "GOMATHI" DATED 14TH THULAM 1123—PARTICULARS REGARDING

274. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) ഈ കഴിഞ്ഞ തുലാം ഫർസ്റ്റ്- യിലെ "ഗോമതി"യിൽ "ഡിപ്പുവുമാസ്റ്റുടെ ഉപേക്ഷിക്കണം" എന്ന തലവാചകത്തിൽ പ്രസിദ്ധീകരിച്ചുകാണുന്ന റിപ്പോർട്ട് ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ റിപ്പോർട്ടിൽ അധഃകൃത സംരക്ഷകൻ മതികെന്ന കോളനിയിൽവെച്ച് കൂടിയ ഒരു യോഗത്തിൽ പ്രസംഗിച്ചു എന്നു കാണുന്നതു് ശരിയാണോ?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ഉണ്ടു്.

(ബി) ശരിയാണു്.

മിസ്റ്റർ കെ. കെ. കണ്ണൻ: അധഃകൃതസംരക്ഷകൻ ഉദ്ദേശിക്കുന്ന വിപ്ലവമാർഗ്ഗങ്ങൾ എന്താണെന്നു ഗവമ്മെണ്ടിന്നറിയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: എനിക്കറിഞ്ഞുകൂടാ.

മിസ്റ്റർ കെ. കെ. കണ്ണൻ: അധഃകൃതർ ഗവമ്മെണ്ടിനു് എതിരായി എന്താണു് ചെയ്യുന്നതെന്നു് അറിയാമൊ?

Mr. Parambi Lonappen. *(Minister for Revenue)* It is a very large question.

മിസ്റ്റർ കെ. കെ. കണ്ണൻ: സംരക്ഷകൻ പറയുന്നതു്, വിപ്ലവമാർഗ്ഗങ്ങളിൽകൂടി അധകൃതർ മുന്നോട്ടുപോകുന്നു എന്നല്ലെ? അതു് എന്താണെന്നാണു് ചോദിക്കുന്നതു്.

മിസ്റ്റർ പറമ്പി ലോനപ്പൻ: അതു് അദ്ദേഹത്തോടു് ചോദിച്ചു പറയാം.

മിസ്റ്റർ പി. കെ. ഡിവർ: protector എന്താണു് പ്രസംഗിച്ചതു് എന്നു പറയാമൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നിങ്ങളാരും വിപ്ലവപരമായ മാർഗ്ഗങ്ങളിൽകൂടി പ്രവർത്തനം നടത്തരുതു്, അങ്ങിനെയുണ്ടെങ്കിൽ അതുപേക്ഷിക്കണം എന്നൊക്കെയായിരുന്നു എന്നാണു് അറിവായതു്.

മിസ്റ്റർ കെ. കെ. കണ്ണൻ: ഇതു പറയാൻ ഗവമ്മെണ്ടു് ഉപദേശിച്ചിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉപദേശിച്ചിട്ടില്ല. എന്നാൽ വിപ്ലവകരമാംവിധത്തിൽ അധഃകൃതർ നടക്കുന്നുണ്ടെങ്കിൽ അതു് തടയാൻ അദ്ദേഹം പരിശ്രമം ചെയ്യുന്നു എന്നായി എന്നു ഞാൻ പറയും.

മിസ്റ്റർ കെ. കെ. കണ്ണൻ: എന്താണു് വിപ്ലവകരമായി അധഃകൃതർ പ്രവൃത്തിക്കുന്നതെന്നു പറയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതിനു നോട്ടീസു വേണം.

Mr. President: That question does not arise.

Mr. K. K. Kannan *(Nominated):* What is the definition of that?

Mr. President: No definition is necessary.

മിസ്റ്റർ എം. കെ. രാജ: അധഃകൃതർ വിപ്ലവമാർഗ്ഗങ്ങളും ഉപേക്ഷിക്കണമെന്നു് പറഞ്ഞാൽ, ഇപ്പോൾ അവർ വിപ്ലവമാർഗ്ഗങ്ങളിൽകൂടിയാണു് ചരിക്കുന്നതു് എന്നർത്ഥമുണ്ടൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഒരു അർത്ഥമില്ല.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: അധഃകൃതരുടെ സംഘടനക്കു് വിരോധമായിട്ടു്, അധഃകൃതസംരക്ഷകൻ വിപ്ലവമാർഗ്ഗങ്ങളും ഉപേക്ഷിക്കണം എന്നു് അർത്ഥം വരത്തക്കവിധത്തിൽ സംസാരിച്ചതാണെങ്കിൽ ഈ സംഘടന സംഘടനയെന്നു പറയുന്നതു് വിപ്ലവസംഘടനയാണൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതു് അറിയുകയില്ല.

PROVISION OF HOUSE AND HOUSE SITE—SCHEME REGRADING

275. Mr. M. I. Paul *(Narakkal):* Will Government be pleased to state.—

whether there is at present any scheme before the Government to provide House and site for those who are without them in the State; and if so, what?

Mr. K. Balakrishna Menon *(Minister for Food and Education):*

There is at present a housing scheme under consideration of the Government and this scheme is mainly intended for the Muncipal towns of the State. A copy of the scheme is placed on the Council Table.

മിസ്റ്റർ എം. ഐ. പോൾ: മുനിസിപ്പൽ ഒരുത്തിയിൽപ്പെട്ടതല്ലാത്ത സ്ഥലത്തും വീടില്ലാതെ ജനങ്ങൾ കഷ്ടപ്പെടുന്നുണ്ടെന്നു് ഗവമ്മെണ്ടിന്നറിയാമൊ?

മിസ്റ്റർ കെ. ബാലകൃഷ്ണ മേനോൻ: അറിയാം.

മിസ്റ്റർ എം. ഐ. പോൾ: അതിനു വേണ്ട ഏർപ്പാടു് ചെയ്യാമൊ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly